പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ- 5001 01.07.2013-ൽ മറുപടിയ്ക്ക്

## ടീം സോളാർ തട്ടിപ്പുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസ്സുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. കെ. ബാലൻ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) ടീം സോളാർ തട്ടിപ്പുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; | (എ) സോളാർ തട്ടിപ്പുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് 46 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) കേസ് രജിസ്റ്റർ ചെയ്ത പോലീസ് സ്റ്റേഷൻ, തീയതി, പരാതിക്കാരൻ, പ്രതികൾ, തട്ടിയെടുത്ത തുക എന്നിവ വ്യക്തമാക്കുമോ; | (ബി) വിശദ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) ഈ കേസ്സുകളിൽ പ്രതി സ്ഥാനത്ത് ഏതെങ്കിലും സർക്കാർ ജീവനക്കാരൻ ഉൾപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കേസ്സ് രജിസ്റ്റർ ചെയ്ത പോലീസ് സ്റ്റേഷൻ, പ്രതി പട്ടികയിലെ സ്ഥാനം എന്നിവ വ്യക്തമാക്കുമോ; | (സി) സോളാർ തട്ടിപ്പുമായി ബന്ധപ്പെട്ട കേസുകൾ അന്വേഷണാവസ്ഥയിലാണ്. ആയതിനാൽ കൂടുതൽ വിവരങ്ങൾ വെളിപ്പെടുത്തുവാൻ നിർവ്വാഹമില്ല. |
| (ഡി) ഇതിൽ എത്ര കേസ്സുകളിൽ അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം കോടതിയിൽ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (ഡി) ഇതിൽ 10 കേസുകളിൽ അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**